**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ സംഘടിപ്പിച്ച ദേശീയ സെമിനാറിലേക്ക് ക്ഷണിക്കപ്പെട്ട അതിഥികൾക്കും പ്രതിനിധികൾക്കും യാത്ര-താമസ-ഭക്ഷണ സൗകര്യങ്ങൾ ഒരുക്കിയതിന് ചെലവായ തുക തിരുവനന്തപുരം നഗരസഭയുടെ 2019-2020 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "മാലിന്യ പരിപാലനം- ശേഷി വികസനവും ബോധവൽക്കരണ പരിപാടികളും" (പ്രോജക്റ്റ് നമ്പർ-1243/20) എന്ന പദ്ധതിയിലെ സംസ്ഥാനവിഷ്കൃത ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.468/2020/LSGD തീയതി,തിരുവനന്തപുരം, 25/02/2020

---

പരാമർശം:- 1 തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ മേയറുടെ 25.01.2020-ലെ കത്ത്

2 28.01.2020-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.72

**<u>ഉത്തരവ്</u>**

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് 2020 ഫെബ്രുവരി 15,16,17 തീയതികളിലായി തിരുവനന്തപുരം നഗരസഭ യൂണിവേഴ്സിറ്റി കോളേജിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിലേക്ക് ക്ഷണിക്കപ്പെടുന്ന അതിഥികൾക്കും പ്രതിനിധികൾക്കും യാത്ര - താമസ - ഭക്ഷണ സൗകര്യങ്ങൾ ഒരുക്കുന്നതിന് തിരുവനന്തപുരം നഗരസഭയുടെ 2019-2020 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "**മാലിന്യപരിപാലനം- ശേഷി വികസനവും ബോധവൽക്കരണ പരിപാടികളും"** (പ്രോജക്റ്റ് നമ്പർ-1243/20, ആകെ അടങ്കൽ -40,81,000/-രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 24,50,000/-രൂപ, സംസ്ഥാനാവിഷ്കൃത ഫണ്ട് - 16,31,000/-രൂപ) എന്ന പദ്ധതിയിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകണമെന്ന് തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ മേയർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച ചെലവ് പ്രസ്തുത പദ്ധതിയിലെ സംസ്ഥാനവിഷ്കൃത ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകാൻ 28.01.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് 2020 ഫെബ്രുവരി 15,16,17 തീയതികളിലായി തിരുവനന്തപുരം നഗരസഭ യൂണിവേഴ്സിറ്റി കോളേജിൽ വച്ച് സംഘടിപ്പിച്ച ദേശീയ സെമിനാറിലേക്ക് ക്ഷണിക്കപ്പെട്ട അതിഥികൾക്കും പ്രതിനിധികൾക്കും യാത്ര - താമസ - ഭക്ഷണ സൗകര്യങ്ങൾ ഒരുക്കിയതിന് ചെലവായ തിരുവനന്തപുരം നഗരസഭയുടെ 2019-2020 വാർഷിക പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ള "**മാലിന്യ പരിപാലനം- ശേഷി വികസനവും ബോധവൽക്കരണ**

**പരിപാടികളും"** (പ്രോജക്റ്റ് നമ്പർ-1243/20, ആകെ അടങ്കൽ -40,81,000/-രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 24,50,000/-രൂപ, സംസ്ഥാനവിഷ്കൃത ഫണ്ട് - 16,31,000/-രൂപ) എന്ന പദ്ധതിയിലെ സംസ്ഥാനവിഷ്കൃത ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

മേയർ, തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.02.26 10:20:56 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്